സിവിൽസപ്ലൈസ് കോർപ്പറേഷന്റെ പൊതുവിതരണ ശൃംഖലയുടെ ഗുണനിലവാരം

18 (*558) ശ്രീ. പി. കെ. ഗുരുദാസൻ :

ശ്രീ. എ. കെ. ബാലൻ :

ശ്രീ. കെ. കെ. ജയചന്ദ്രൻ :

ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽസപ്ലൈസ് കോർപ്പറേഷന്റെ പൊതുവിതരണ ശൃംഖലവഴി വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കൾ ഗുണനിലവാരം കുറഞ്ഞവയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഗുണനിലവാരം കുറഞ്ഞ ഏതെല്ലാം ഉല്പന്നങ്ങളാണ് വിതരണത്തിനെത്തുന്നത് ;

(ബി) ഗുണനിലവാരമുള്ള വസ്തുക്കൾ തന്നെയാണ് കോർപ്പറേഷൻ വാങ്ങുന്നത് എന്ന് ഉറപ്പുവരുത്തുമോ ; വാങ്ങുന്ന വസ്തുക്കൾ വിതരണത്തിനായി ഔട്ട് ലെറ്റുകളിൽ എത്തുന്നതിനുമുമ്പ് തിരിമറി നടക്കാതിരിക്കാൻ വേണ്ട കൂടുതൽ നടപടികൾ സ്വീകരിക്കുമോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) :

(എ) ഗുണനിലവാരം കുറഞ്ഞ ഉല്പന്നങ്ങളൊന്നും സപ്ലൈകോ ഔട്ട്ലെറ്റുകൾ വഴി വില്പന നടത്തുന്നില്ല.

(ബി) സപ്ലൈകോ നിശ്ചിത ഗുണനിലവാരമുള്ള പലചരക്ക് സാധനങ്ങളാണ് ഇ-ടെൻഡറിലൂടെ എല്ലാ മാസവും വാങ്ങുന്നത്. ഗുണനിലവാര പരിശോധന ഉറപ്പാക്കുന്നതിന് ശക്തമായ പരിശോധനാ സമ്പ്രദായം നിലവിലുണ്ട്. ഇ-ടെൻഡറുകൾ വഴി വാങ്ങുന്ന സാധനങ്ങൾ ഡിപ്പോയിലെത്തുകയും അവിടെനിന്ന് നേരിട്ട് ഔട്ട്ലെറ്റുകളിൽ എത്തിക്കുകയുമാണ് ചെയ്യുന്നത്. വാങ്ങുന്ന സാധനങ്ങൾ ഔട്ട്ലെറ്റുകളിൽ എത്തുന്നതിനുമുൻപായി തിരിമറി നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly